11

# “എനിക്ക് വളരെ പ്രായമായി എന്ന് ആർ പറയുന്നു?”
## (2 രാജാക്കന്മാർ 1)

ഏലിയാവിന്റെ ജീവിതത്തിലെ താരതമ്യേന ഒരു ചെറിയ സംഭവം 2 രാജാക്കന്മാർ 1–ൽ പറഞ്ഞിരിക്കുന്നു. ഏലിയാവിനെ ചുഴലിക്കാറ്റിൽ എടുക്കുന്ന മഹാ സംഭവത്തെ വിവരിക്കുന്ന അദ്ധ്യായം 2 ലേക്ക് കടക്കുവാൻ നമ്മെ പ്രേരിപ്പിച്ചേക്കാം. മൂന്നു കാരണങ്ങളാൽ ഉൾപ്രേരണ നിമിത്തം നാം നുറുങ്ങി പോകും: (1) 2 രാജാക്കന്മാർ 1 വിട്ടുകളഞ്ഞാൽ നമ്മുടെ ഈ പരമ്പര അപൂർണ്ണമായി പോകും, (2) ഈ അദ്ധ്യായത്തിലെ ചില പാഠങ്ങൾ ഏലിയാവിന്റെ ജീവിതത്തെ കുറിച്ച് പ്രതിപാദിക്കുന്ന മറ്റു വേദഭാഗങ്ങളിലില്ല. നമുക്ക് വേണ്ടി രേഖപ്പെടുത്തി ദൈവം വെളിപ്പെടുത്തിയിരിക്കുന്നതിനാൽ ആ പാഠങ്ങൾ പ്രാധാന്യമുള്ളവയാണ്. (3) കഴിഞ്ഞ പാഠങ്ങളിൽ ശ്രദ്ധിക്കാതെ പോയവ ഇതിൽ നാം ശ്രദ്ധിച്ചിട്ടുണ്ട്.

നാം മൂന്നു വ്യക്തികളെ നോക്കും. രണ്ടുപേർ നമ്മുടെ വേദഭാഗത്തിലുണ്ട്. മൂന്നാമത്തെ വ്യക്തി ഇന്നു നമ്മുടെ സമൂഹത്തിലുണ്ട്. അവസാനത്തെ വ്യക്തിയെ നോക്കി നമുക്ക് പാഠങ്ങളെ എടുക്കാം.

### വടക്കെ യിസ്രായേലിലെ മൽസരിക്കുന്ന ഭരണാധികാരി (1:1-9)

ഇരുപതു വർഷം ഓടി നടന്നു ഏലിയാവ് പോരാടിയിരുന്ന ആഹാബ് ആയിരുന്നില്ല അത്, മറിച്ച് അവന്റെ മകൻ (ഒരുപക്ഷെ മൂത്ത മകൻ ആയിരിക്കാം) അഹസ്യാവ് ആയിരുന്നു. അഹസ്യാവ് ചെയ്ത മൂന്നു കാര്യങ്ങൾ ശ്രദ്ധിക്കുക.

*അഹസ്യാവ് ഭൂതകാലത്തെ അവഗണിച്ചു.* 1 രാജാക്കന്മാർ അവസാനഭാഗത്താണ് അവന്റെ സംഭവം തുടങ്ങുന്നത്.

> അങ്ങനെ രാജാവ് [ആഹാബ്] മരിച്ചു, അവനെ ശമര്യയിലേക്ക് കൊണ്ടുവന്നു. അവർ രാജാവിനെ ശമര്യയിൽ അടക്കം ചെയ്തു. രഥം ശമര്യയിലെ കുളത്തിൽ കഴുകിയപ്പോൾ, യഹോവ കൽപിച്ചിരുന്ന വചനപ്രകാരം, നായ്ക്കൾ അവന്റെ രക്തം നക്കി; (വേശ്യാസ്ത്രികളും അവിടെ കുളിച്ചു) ... ആഹാബ് തന്റെ പിതാക്കന്മാരെ പോലെ നിദ്രപ്രാപിച്ചു. അവന്റെ മകനായ അഹസ്യാവ് അവനുപകരം രാജാവായി (1 രാജാക്കന്മാർ 22:37, 38, 40).

കഴിഞ്ഞ കാലത്തിൽനിന്നു അഹസ്യാവ് പഠിക്കണമായിരുന്നു. അവൻ വളർന്നു വന്നപ്പോൾ തീർച്ചയായും ഏലിയാവിനെ കുറിച്ചുള്ള കാര്യങ്ങൾ കേട്ടിരിക്കും: മൂന്ന-ര-വർഷ-ക്കാലത്തെ വരൾച്ച; കർമ്മേൽ പർവ്വതത്തിൽ

തീ ഇറങ്ങിവന്നതും നാനൂറ്റമ്പതു ബാലിന്റെ പ്രവാചകന്മാരെ കൊന്നത്; നാബോത്തിന്റെ തോട്ടം നിമിത്തം തന്റെ അപ്പനുണ്ടായ ശാപവും, മൂന്നു വർഷത്തിനു ശേഷം അതു നിറവേറിയത് തുടങ്ങിയവ. പക്ഷെ സ്പഷ്ടമായും അവൻ ഒന്നും പഠിച്ചില്ല.

> ആഹാബിന്റെ മകനായ അഹസ്യാവ് യെഹൂദാ രാജാവായ യെഹോശാഫാത്തിന്റെ വാഴ്ച്ചയുടെ പതിനേഴാമാണ്ടിൽ ശമര്യയിൽ യിസ്രായേലിൽ രാജാവായി; യിസ്രായേലിൽ രണ്ടു സംവൽസരം വാണു.[1] അവൻ തന്റെ അപ്പന്റെ വഴിയിലും, അമ്മയുടെ വഴിയിലും, യിസ്രായേലിനെ കൊണ്ടു പാപം ചെയ്യിച്ച നെബാത്തിന്റെ മകനായ യൊരോബെയാമിന്റെ വഴിയിലും നടന്നു, യഹോവക്ക് അനിഷ്ടമായുള്ളതു ചെയ്തു (1 രാജാക്കന്മാർ 22:51, 52).

അവൻ ''തന്റെ അപ്പന്റെ വഴിയിൽ നടന്നു.'' അവൻ തന്റെ അപ്പന്റെ ബലഹീനതകളെല്ലാം സ്വായത്തമാക്കി. ഏറ്റവും മുഖ്യമായി, ''അവൻ ... അമ്മയുടെ വഴിയിൽ നടന്നു'' എന്നതാണ്. ആ ഒരു പ്രയോഗം ബൈബിളിൽ ഇവിടെ മാത്രമാണുള്ളത്. അവന്റെ അമ്മ ഈസെബേൽ അപ്പോഴും രാജധാനിയിലുണ്ടായിരുന്നു. അവൻ ''യൊരോബെയാമിന്റെ ... വഴികളിലും നടന്നു.'' വടക്കെ രാജ്യത്തിലെ ആദ്യത്തെ രാജാവായ യൊരോബെയാം, യിസ്രായേലിനെ വിഗ്രഹാരാധനയിലേക്കു തരംതാഴ്ത്തി. ''അവൻ ബാലിനെ സേവിച്ചു നമസ്ക്കരിച്ചു, തന്റെ [അമ്മയെ പോലെ തന്നെ മകനും]; തന്റെ അപ്പൻ ചെയ്തതുപോലെ ഒക്കെയും യിസ്രായേലിന്റെ ദൈവമായ യഹോവയെ കോപിപ്പിച്ചു'' (വാക്യം 53).

ഉടൻ തന്നെ പ്രശ്നം ഉയർന്നു: ''ആഹാബ് മരിച്ചശേഷം മോവാബ്യർ യിസ്രായേലിനോട് മൽസരിച്ചു'' (1:1).[2] മോവാബ്യർ വളരെ കാലമായി യിസ്രായേലിന്റെ ആധിപത്യത്തിലായിരുന്നു.[3] ഇപ്പോൾ, അവർ തങ്ങളുടെ സ്വാതന്ത്ര്യം വീണ്ടെടുത്തു.[4] മോവാബ്യരുടെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ യിസ്രായേൽ പരാജയപ്പെട്ടതായി മോവാബ്യ കല്ലുകൾ വെളിപ്പെടുത്തുന്നു. ഒരു ഉപരോധ സമയത്തെ പോരാട്ടത്തിൽ അവർ ഏഴായിരം യിസ്രായേല്യരെ കൊല്ലുകയും, സ്ത്രീകളെയും കുട്ടികളെയും പ്രവാസികളായി പിടിച്ചുകൊണ്ടുപോകയും ചെയ്തു. എങ്ങനെയായാലും, ചുരുങ്ങിയ കാലം ഭരിച്ച ഈ മൽസരിയായ ഭരണാധികാരിയുടെ ഒരൊററ സംഭവത്തെ മാത്രമാണ് ദൈവശ്വാസിയ എഴുത്തുകാരൻ കാര്യമായി എടുത്തിരിക്കുന്നത്.

*അഹസ്യാവ് മഹാ വൈദ്യനെ പരിഹസിച്ചു*: ''അഹസ്യാവ് ശമര്യയിലെ തന്റെ മാളികയുടെ കിളിവാതിലിൽകൂടെ വീണു ദീനം പിടിച്ചു'' (വാക്യം 2). അഹസ്യാവ് തലസ്ഥാന നഗരിയിലുള്ള തന്റെ അരമനയിലായിരുന്നു എന്നു തോന്നുന്നു. അവൻ ധാരാളം തുറന്ന ജനലുകളുള്ള ഒരു മാളിക മുറിയിലായിരുന്നു. ആ ജനാലകൾ ജാലകത്തട്ടുകൾകൊണ്ടു മൂടിയിരുന്നതും, അലങ്കാരത്തിനായി മരത്തിൽ ദ്വാരങ്ങൾ ഇട്ടിട്ടുള്ളവയുമായിരുന്നു. സ്പഷ്ടമായും അഹസ്യാവ് ജനലിന്റെ അറ്റത്തു ഇരിക്കയായിരുന്നു. അവൻ കുനിഞ്ഞു ജാലകത്തട്ടിലേക്ക്, നോക്കിയപ്പോൾ മറിഞ്ഞു വീണു മുറിവേററു, പക്ഷെ മരിച്ചില്ല. സുഖം പ്രാപിച്ചുമില്ല.

ദൈവ കരുണയെ കുറിച്ച് വ്യാഖ്യാനിക്കുന്നതിൽ ഞാൻ തെററു പററാത്ത

വ്യാഖ്യാനി എന്ന് അവകാശപ്പെടുന്നില്ല. ആയിരിക്കാം,[5] വെറുതെ ആയിരിക്കാം, എങ്ങനെയായാലും, ആ അപകടം അഹസ്യാവിനു കൂടുതൽ ചിന്തിക്കുവാനുള്ള സമയം ലഭിച്ചു, ''യഹോവയായ ദൈവത്തിലേക്ക് തിരിച്ചുപോകുവാൻ അവനു ദീർഘമായി ചിന്തിക്കാമായിരുന്നു''. ''നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയിരുന്നത് എനിക്ക് ഗുണമായി'' എന്നു സങ്കീർത്തനക്കാരൻ പറഞ്ഞു (സങ്കീർത്തനങ്ങൾ 119:71). അഹസ്യാവിന് സുബോധത്തിലേക്ക് വരുവാനുള്ള ശരിയായ സമയമായിരുന്നു അത് – പക്ഷെ അവൻ അതു ശരിയായി ഉപയോഗിച്ചില്ല.

പകരം, അവൻ വൈദ്യനായ ദൈവത്തെ പരിഹസിച്ചു. ''ഈ ദീനം മാറി എനിക്കു സൗഖ്യം വരുമോ എന്ന് 'എക്രോനിലെ ദേവനായ ബാൽസെബൂബിനോട് ചെന്നു ചോദിപ്പിൻ എന്നു അവന്റെ ദൂതന്മാരോട് കൽപിച്ചു' '' (വാക്യം 2). ''ബാൽസെബൂബ് ഒരു സംയുക്തവാക്കാണ്.'' ആദ്യ ഭാഗം ''ബാൽ'' എന്നതു നമുക്ക് പെട്ടെന്നു തിരിച്ചറിയാൻ കഴിയും, അതു ഈസെബേൽ പരിചയപ്പെടുത്തിയതാണ്. പേരിന്റെ അർത്ഥം ''യജമാനൻ'' അല്ലെങ്കിൽ, ''ദേവൻ'' എന്നാണ്. രണ്ടാം ഭാഗം ''സെബൂബ്'' എന്നതിന്റെ ക്രിയാരൂപത്തിന്റെ അർത്ഥം ''ഇവിടെയും അവിടെയും പോകുക,'' അല്ലെങ്കിൽ, ''മുമ്പോട്ടും പുറകോട്ടും ചാഞ്ചാടുക'' എന്നാണ് നാമരൂപത്തിൽ, അത് ഒരു പ്രാണിയായ ഈച്ചയെ ആണ് പറയുന്നത്. ''ബാൽ സെബൂബ്'' അക്ഷരികമായി അർത്ഥമാക്കുന്നതു ''ലോഡ് ഓഫ് ഫ്ളൈസ്'' എന്നാണ്. (പല കൗമാര-പ്രായക്കാരും ആ പേരിലുള്ള ഒരു നോവൽ വായിച്ചിരിക്കാം.[6])

പ്രകൃതി ദേവനായിട്ടാണ് ബാലിനെ അറിയപ്പെട്ടിരുന്നത്. പ്രാദേശികമായി ഈച്ചകളെ നിയന്ത്രിക്കുന്നവനാണെന്നാണ് അവർ ബാലിനെ കരുതിയിരുന്നത്. ഒരു നോട്ടത്തിൽ അത്ര കാര്യമായി തോന്നുന്നില്ല. കാരണം ഒരു ഈച്ച ചെറിയ ജീവിയാണ്.[7] നമുക്ക് അതിനെ കീടനാശിനി തളിച്ചു ദൂരെയകറ്റാം. അവയെ അകറ്റുവാൻ ജനലിൽ നെറ്റോ കർട്ടനോ ഇട്ട് അവയെ അകറ്റി നിർത്തുവാൻ കഴിയുമെന്ന് നമുക്ക് അറിയാം; എന്നാൽ അന്നത്തെ സാഹചര്യത്തിൽ ഈച്ചകൾ *വളരെ* പ്രാധാന്യമുള്ളവയായിരുന്നു.

ആഹാരം കഴിക്കുന്ന മേശപ്പുറിത്ത് മദ്ധ്യഭാഗത്തായി ഒരു കപ്പലണ്ടി ചുണ്ടിക്കാണിച്ചുകൊണ്ട് ഒരു പഴയ ഉപദേഷ്ടാവ് പറഞ്ഞു, ''എനിക്ക് അൽപം മുന്തിരിങ്ങാ കപ്പലണ്ടി വേണം.'' ''അതിന്റെ മുകളിൽ ഈച്ചയായിരുന്നു,'' കുടുംബനാഥ അതിനെ ഓടിച്ചുകൊണ്ട് പറഞ്ഞു. ''അതു ഉണക്ക മുന്തിരി ആയിരുന്നില്ല, അതു കടുക് ആയിരുന്നു.''

ഞാൻ ആസ്ട്രേലിയയിൽ മിഷ്ണറി ആയി പോയപ്പോൾ അവിടെ നാട്ടിൻപുറത്തുള്ള കാട്ടീച്ചയെ എനിക്ക് സഹിക്കേണ്ടതായിവന്നു. ആ പ്രാണി തുടർച്ചയായി ഈർപ്പം ഇഷ്ടപ്പെട്ടിരുന്നു. അതായത് ഒരാളുടെ കണ്ണിലും, മൂക്കിലും, വായിലും, വിയർപ്പുള്ള ഏതൊരു ഭാഗത്തും അതു വന്നിരിക്കും. ആസ്ട്രേലിയയിലെ ഒരു മീറ്റിങ്ങിനു ക്ഷണിക്കുവാൻ ഞങ്ങൾ ഒരു കൂട്ടമായി വീടുകൾ കയറി ഇറങ്ങുമ്പോൾ, ഞാൻ ഒരു വിദ്യാർത്ഥിയുമൊത്ത് നടന്നിരുന്നു. അയാളുടെ ഷർട്ടിന്റെ പുറകുവശം വിയർപ്പുകൊണ്ട് നനയുകയും – ഈച്ചകൾ പൊതിയുകയും ചെയ്തിരുന്നു. (ആസീസ് ചിരിച്ചുകൊണ്ട് മുഖത്തുനിന്നു ഈച്ചയെ ആട്ടിക്കൊണ്ടാണ് കൈവീശി കാണിക്കുന്നത്) ''ആസ്ട്രേലിയക്കാർ വന്ദനം ചെയ്യുന്നത് അങ്ങനെയാണ്.''

''ബാൽ-സെബൂബ്,'' അപ്പോൾ, അലോസരപ്പെടുത്തുവാനും ബാധിക്കു

വാനും കഴിവുള്ള – അല്ലെങ്കിൽ (തുല്യപ്രാധാന്യമുള്ള) അലോസരം *നീക്കുവാൻ* കഴിവുള്ള എന്നർത്ഥം. പുതിയനിയമ കാലത്ത്, ബാൽ – സെബൂബ് അന്ധവിശ്വാസികൾക്ക് പ്രാധാന്യമുള്ള ഒന്നായിരുന്നു. യേശു ഒരു ഭൂതത്തെ പുറത്താക്കിയതായി മത്തായി 12:22–28 പറയുന്നു. അവൻ ചെയ്ത അത്ഭുതത്തെ പരീശന്മാർക്കു നിഷേധിക്കുവാൻ കഴിഞ്ഞില്ല, എന്നാൽ അവർ പറഞ്ഞതു, ''അവൻ ബാൽ – സെബുലിനെ കൊണ്ടു ഭൂതത്തെ പുറത്താക്കുന്നു'' എന്നാണ് (മത്തായി 12:24). ബാൽസെബൂലിനെ സാത്താനായി, അല്ലെങ്കിൽ സാത്താന്റെ മുഖ്യ പ്രവർത്തകനായി, സൗഖ്യമാക്കുന്നതുമായുള്ള ബന്ധത്തിലാണ് അറിയപ്പെട്ടിരുന്നത്.

മദ്ധ്യധരണ്യാഴി കടലിനരികിലുള്ള പാലസ്തീനിൽ, എക്രോനിലെ ബാൽസെബുബിന്റെ ഒരു വിഗ്രഹം ഉണ്ടായിരുന്നു. അഹസ്യാവിന്റെ ദീനം ഭേദമാകാതെ വന്നപ്പോൾ, ദൂതന്മാരെ എക്രോനിലെ ദേവന്റെ പുരോഹിതന്മാരുടെ അടുക്കൽ അയച്ചു തന്റെ ദീനം സുഖമാകുമോ എന്നു ചോദിച്ചു. അത് യഹോവയെ, പരിഹസിക്കുന്നത്, പരസ്യമായി പരിഹസിക്കുന്നതായിരുന്നു. അഹസ്യാവിന്റെ ശാരീരികവും, ആത്മികവുമായ രോഗങ്ങൾ സുഖപ്പെടുത്തുവാൻ കഴിവുള്ള യഥാർത്ഥത്തിൽ മഹാ വൈദ്യൻ യിസ്രായേലിലുണ്ടായിരുന്നു.

> എന്നാൽ യഹോവയുടെ ദൂതൻ ഏലിയാവിനോട് കൽപിച്ചതു, ''നീ എഴുന്നേന്നു ശമര്യരാജാവിന്റെ ദൂതന്മാരെ എതിരേന്നു ചെന്നു അവനോട്, 'യിസ്രായേലിൽ ദൈവമില്ലാഞ്ഞിട്ടോ നിങ്ങൾ എക്രോനിലെ ദേവനായ ബാൽസെബൂബിനോട് അരുളപ്പാട് ചോദിപ്പാൻ പോകുന്നത്?' '' (വാക്യം 3).

കെജെവിയിൽ, ''യിസ്രായേലിൽ ഒരു ദൈവം *ഇല്ലാഞ്ഞിട്ടോ...?*'' എന്നാണ്. (എംഫസിസ് മൈൻ.) അതു അപമാനകരമാണ്, പക്ഷെ അതാണ് ആരംഭഗ്രന്ഥത്തിലുള്ളത്. ഇരട്ട നിഷേധം ഊന്നൽ നൽകുന്നത്, ''നിങ്ങൾ പറയുന്നത്, യിസ്രായേലിൽ ദൈവം ഇല്ലെന്നാണോ, ഒരു ദൈവം ഇല്ലെന്നാണോ – അതുകൊണ്ടാണോ നിങ്ങൾ എക്രോനിലേക്ക് പോയത്!''

അഹസ്യാവിന്റെ ചോദ്യത്തിന് ഏലിയാവ് മറുപടി നൽകുന്നു: ''ഇതു നിമിത്തം 'നീ കയറിയിരിക്കുന്ന കട്ടിലിൽനിന്നിറങ്ങാതെ നിശ്ചയമായി മരിക്കും എന്നു യഹോവയായ ദൈവം അരുളിച്ചെയ്യുന്നു എന്നു പറക' '' (വാക്യം 4). ''ഇതു നിമിത്തം'' എന്നതിൽ അടങ്ങിയിരിക്കുന്നത്, സംഗതി വ്യത്യസ്തമായിരുന്നുവെങ്കിൽ, യഹോവയോട് ആലോചിച്ചിരുന്നുവെങ്കിൽ, മാനസാന്തരപ്പെട്ടിരുന്നുവെങ്കിൽ, അവന്റെ ശരീരം യഥാസ്ഥാനപ്പെടുമായിരുന്നു – പക്ഷെ അവന്റെ ഹൃദയകാഠിന്യം നിമിത്തം അവൻ മരിക്കേണം.

ദൈവദൂതൻ അരുളിച്ചെയ്ത സന്ദേശം ഏലിയാവ് അവനെ അറിയിച്ചു (വാക്യം 4).

*അഹസ്യാവ് പ്രവാചകനെ ഭീഷണിപ്പെടുത്തുവാൻ ശ്രമിച്ചു.* ''ദൂതന്മാർ അവന്റെ അടുക്കൽ [അഹസ്യാവിന്റെ] മടങ്ങി വന്നപ്പോൾ, അവൻ അവരോട്, 'നിങ്ങൾ മടങ്ങി വന്നത് എന്ത്?' '' എന്നു ചോദിച്ചു (വാക്യം 5). ദൂതന്മാർ എക്രോനിൽ പോയി മടങ്ങുവാനുള്ള സമയം ആയിരുന്നില്ല. അതുകൊണ്ട് അവൻ ചോദിച്ചു, ''എന്തു പന്മി?''

> അവർ അവനോട് പറഞ്ഞത്, ''ഒരാൾ ഞങ്ങളെ എതിരേന്വുവന്നു ഞങ്ങളോട്, നിങ്ങളെ അയച്ചിരിക്കുന്ന രാജാവിന്റെ അടുക്കൽ മടങ്ങിച്ചെന്നു 'യിസ്രായേലിൽ ദൈവം ഇല്ലാഞ്ഞിട്ടോ നീ എക്രോനിലെ ദേവനായ ബാൽസെബൂബിനോട് അരുളപ്പാട് ചോദിപ്പാൻ അയക്കുന്നത്? ''ഇതു നിമിത്തം നീ കയറിയിരിക്കുന്ന കട്ടിലിൽനിന്നു ഇറങ്ങാതെ നിശ്ചയമായി മരിക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു'' ' '' എന്നു അവനോട് പറവിൻ എന്നു പറഞ്ഞു. അവൻ അവനോട്, ''നിങ്ങളെ എതിരേന്വുവന്നു ഈ വാക്കുകളെ നിങ്ങളോട് പറഞ്ഞ ആളുടെ വേഷം എന്ത്? എന്നു ചോദിച്ചു'' (വാക്യങ്ങൾ 6, 7).

''അവൻ രോമവസ്ത്രം ധരിച്ചു[8] അരെക്കു തോൽ വാറു കെട്ടിയ ആളായിരുന്നു'' എന്ന് അവർ അവനോട് മറുപടി പറഞ്ഞു. അവൻ ആരായിരുന്നു എന്നു അവർ അറിഞ്ഞിരുന്നുവെങ്കിൽ, അവർ ഊമൻ എന്ന കളി കളിക്കുമായിരുന്നേക്കാം. അഹസ്യാവ് പറഞ്ഞു, ''അത് തിശ്ബ്യനായി ഏലിയാവ് തന്നെ'' (വാക്യം 8). ഫലത്തിൽ, അവൻ കൂട്ടിച്ചേർത്തു, ''ആ പഴയ ആഭാസൻ ഇപ്പോഴും ചുറ്റിപ്പറ്റി നടക്കുന്നുണ്ട്. വർഷങ്ങളായി അവനെ കുറിച്ച് കേട്ടിട്ട്. അവൻ മരിച്ചുപോയിരിക്കുമെന്നാണ് ഞാൻ കരുതിയത്. പക്ഷെ അവൻ ഇതാ വീണ്ടും വന്നിരിക്കുന്നു. അവനെ ബാധിക്കാത്ത കാര്യത്തിൽ അവൻ എന്തിനാണ് തലയിടുന്നത്.''

അഹസ്യാവിന് മാനസാന്തരപ്പെടുവാൻ ദൈവം കൊടുത്ത മറ്റൊരു അവസരമായിരുന്നു അത്. ദൈവത്തിന്റെ സന്ദേശവുമായിട്ടായിരുന്നു ദൈവത്തിന്റ ദൂതൻ പോയത്, ആ സന്ദേശം മറ്റെല്ലാ വിഷയങ്ങളിലും ഭയങ്കരമായ വിഷയമായിരുന്നു, മരണം. അതു ഒരു മനുഷ്യനെ നിർത്തി ചിന്തിപ്പിച്ചില്ലെങ്കിൽ, മറ്റൊന്നും ചെയ്യുകയില്ല. ഈ സമയത്ത്, അവനിൽ ഒരു ചലനം ഉണ്ടാക്കിയില്ല. സ്പഷ്ടമായി അത് അവനെ കോപിപ്പിക്കയായിരുന്നു. ''പിന്നെ രാജാവ് അമ്പതു പേർക്ക് അധിപതിയായ ഒരുവനെയും അവന്റെ അമ്പതു ആളെയും അവന്റെ [ഏലിയാവ്] അടുക്കൽ അയച്ചു. അവൻ [സൈന്യാധിപൻ] അവന്റെ [ഏലിയാവിന്റെ] അടുക്കൽ ചെന്നു'' (വാക്യം 9). ''ആരെങ്കിലും മരിക്കും'' പക്ഷെ ''അതു ഞാനായിരിക്കയില്ല!''രാജാവ് പറഞ്ഞു,

### വടക്കെ യിസ്രായേലിലെ ശക്തനായ പ്രവാചകൻ (1:9-17)

അവർ ഏലിയാവിന്റെ അടുത്ത് എത്തിയപ്പോൾ, ''അവൻ മലമുകളിൽ ഇരിക്കയായിരുന്നു'' (വാക്യം 9). വർഷങ്ങൾ കഴിഞ്ഞതുകൊണ്ടാണ് ''പഴയ ഏലിയാവ്'' എന്നു പറയുവാൻ കാരണം. അവൻ ഈസെബേലിനോടും ആഹാബിനോടും, ഇരുപതു വർഷമോ മറ്റോ പോരാടിയിരുന്നു. ഇപ്പോൾ ഈസെബേലും മകൻ അഹസ്യാവും തമ്മിലായി. ഏലിയാവിനു പ്രായമായി. ആ വന്യ മനുഷ്യന്റെ നര തലയിൽനിന്നു താടിയിലേക്ക് ഇറങ്ങിയിരിക്കുന്നു. അവന് ഇപ്പോൾ ഒരുപക്ഷെ നിവർന്നു നിൽക്കുവാനോ, രാജാവിന്റെ രഥത്തിനു മുന്നിൽ ഓടിയെത്തുവാനും കഴിയുകയില്ലായിരിക്കാം. പ്രായമായതിനാൽ ഈ ലോകം വിട്ടുപോകുവാൻ തയ്യാറെടുത്ത് മലമുകളിൽ ഇരിക്കുകയാവാം (അദ്ധ്യായം 2 നോക്കുക). എങ്ങനെയായാലും, അവനെ ഓർത്തു പരിതപി

ക്കേണ്ട കാര്യമില്ല. അവൻ ഇപ്പോഴും ശക്തനായ പ്രവാചകൻ തന്നെയാണ്. അവൻ ഇപ്പോഴും യിസ്രായേലിലെ ദൈവപുരുഷൻ തന്നെയാണ്. അവൻ ഇപ്പോഴും ദൈവത്തിന്റെ ''ഏക മനുഷ്യ സൈന്യം'' ആണ്. അവൻ ഇപ്പോഴും അഗ്നി മനുഷ്യൻ തന്നെ.

വടക്കെ യിസ്രായേലിലെ ശക്തനായ പ്രവാചകന്റെ മൂന്നു സ്വഭാവവിശേഷതകൾ നമുക്ക് നോക്കാം.

*നാം കണ്ടതുപോലെ, ഏലിയാവ് ദൈവേഷ്ടത്തെ അറിയിച്ചവനായിരുന്നു.* ആ സമയത്ത് ഏലിയാവ് താമസിച്ചിരുന്നത് എവിടെയായിരുന്നു എന്നു നമുക്ക് അറിയില്ല, പക്ഷെ ദൈവം സംസാരിച്ചപ്പോൾ, അവൻ പോകുവാൻ തയ്യാറായിരുന്നു. അറിയിക്കുവാനായി ദൂതൻ ഒരു സന്ദേശം അവനു കൊടുത്തു. അവൻ അതു എത്തിച്ചു. അതു അവന്റെ ജീവിതത്തെ ചുരുക്കി പറയുന്നു.

*ഏലിയാവ് ദൈവത്തിന്റെ വേല ചെയ്തു:*

> അവൻ [സൈന്യാധിപൻ] അവനോട് [ഏലിയാവിനോട്] പറഞ്ഞു,[9] ''ദൈവപുരുഷാ 'ഇറങ്ങി വരുവാൻ' രാജാവ് കൽപിക്കുന്നു'' എന്നു പറഞ്ഞു. ഏലിയാവ് അമ്പതുപേർക്ക് അധിപതിയായവനോട്, ''ഞാൻ'ദൈവപുരുഷനാണെങ്കിൽ, ആകാശത്തുനിന്നു തീ ഇറങ്ങി നിന്നെയും നിന്റെ അമ്പതു ആളെയും ദഹിപ്പിക്കട്ടെ'' എന്നു പറഞ്ഞു. ഉടനെ ആകാശത്തു നിന്നു തീ ഇറങ്ങി അവനെയും അവന്റെ അമ്പതു ആളെയും ദഹിപ്പിച്ചുകളഞ്ഞു (വാക്യങ്ങൾ 9, 10).

കർമ്മേൽ പർവ്വതത്തിലെന്നപോലെ, ആകാശത്തുനിന്നു വീണ്ടും തീ ഇറങ്ങിവന്നു. ആ പഴയ മനുഷ്യനു ഇപ്പോഴും കഴിവുണ്ട്! ഇടിമിന്നലായിട്ടാണ് തീ ഇറങ്ങിവന്നത് എന്നാണ് ജോസെഫസ് പറഞ്ഞത്.[10] അത് എന്തായാലും അമ്പത്തി-ഒന്നുപേരെ അതു ഭൂമിയിൽ വെച്ചു ചുട്ടുകളഞ്ഞു. ഓരോരുത്തർ എവിടെയായിരുന്നുവോ അവിടെ ചുട്ടെരിച്ചുകളഞ്ഞു.

രാജാവ് ഇതിൽനിന്നു പാഠം പഠിച്ചോ? ഇല്ല. അവൻ വീണ്ടും അമ്പത്തി-ഒന്നു പേരെ കൂടി അയച്ചു. (''തന്റെ'' സൈന്യത്തെ കൊന്നൊടുക്കുവാൻ അയക്കുന്ന ''ധൈര്യശാലിയായ'' ഒരു കാപ്റ്റനെ പോലെയായിരുന്നു അവൻ. ''അവസാന ഭടൻ വീഴുന്നതുവരെ ഞങ്ങൾ പോരാടും!'')

പ്രവാചകന്റെ അടുക്കൽ ചെന്ന അധിപതിയെ ഒന്നു ചിന്തിക്കുക. വീര്യമുള്ള പ്രവാചകന്റെ അടുത്തു ചെന്നു സംസാരിക്കുമ്പോൾ തന്നെ മന്ദം മന്ദമായി ദഹിച്ചുപോകുന്നു. ''ദൈവ പുരുഷാ വേഗം ഇറങ്ങി വരുവാൻ'' രാജാവ് കൽപിക്കുന്നു എന്നു പറഞ്ഞു തീരുന്നതിനുമുൻപ് തന്നെ അവൻ എരിഞ്ഞമർന്നിരിക്കാം (വാക്യം 11). ''വേഗം'' എന്ന വാക്ക് ചേർത്തിരിക്കുന്നതു ശ്രദ്ധിക്കുക. ''രാജാവിന് മതിയായത്ര മൗഢ്യം സംഭവിച്ചുകഴിഞ്ഞു!'' അധിപതി പറഞ്ഞു, ''വേഗം ഇറങ്ങി വരിക!''

> ഏലിയാവ് അവരോട്, ''ഞാൻ ദൈവപുരുഷൻ എങ്കിൽ ആകാശത്തുനിന്നു തീ ഇറങ്ങി നിന്നെയും നിന്റെ അമ്പതു ആളെയും ദഹിപ്പിച്ചുകളയട്ടെ എന്നുത്തരം പറഞ്ഞു.'' ഉടനെ ദൈവത്തിന്റെ തീ ആകാശത്തുനി ന്നു ഇറങ്ങി അവനെയും അവന്റെ അമ്പതു ആളെയും ദഹിപ്പിച്ചുകളഞ്ഞു

(വാക്യം 12).

അതിനുപുറമെ നൽകിയ ഈ വിവരം ശ്രദ്ധിക്കുക: ''ആകാശത്തുനിന്നു ദൈവത്തിന്റെ തീ ഇറങ്ങി വന്നു.'' എഴുത്തുകാർ പലതിനും ഏലിയാവിനെ കുറ്റപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിനു, 450 പ്രവാചകന്മാരെ കൊന്നതിന് – പ്രത്യേകിച്ച് ഈ 102 പേരെ അവൻ കൊന്നതിന്, ഒരാൾ പറഞ്ഞത്, ''അവർ തങ്ങൾക്ക് ലഭിച്ച ഓർഡർ അനുസരിക്കുക മാത്രമല്ലേ ചെയ്തത്'' ശ്രദ്ധിക്കേണ്ട കാര്യം എന്തെന്നാൽ, *ഏലിയാവിന്റെ* തീ ആയിരുന്നില്ല, ആകാശത്തുനിന്നു വന്നത്, പിന്നെയോ *ദൈവത്തിന്റെ* തീ ആയിരുന്നു. നാം *ദൈവത്തെ* കുറ്റപ്പെടുത്തുവാൻ ശ്രമിക്കരുത്.

വിഗ്രഹാരാധനയെയും അതുമായി ബന്ധപ്പെട്ടതിനെയെല്ലാം ദൈവം വെറുത്തിരുന്നു എന്നു നാം കഴിഞ്ഞ പാഠങ്ങളിൽ ശ്രദ്ധിച്ചു. യിസ്രായേൽ ദൈവത്തിന്റെ പ്രത്യേക ജനമായിരുന്നു. ആരെങ്കിലും വിഗ്രഹാരാധനയിൽനിന്നു വിട്ടുനിൽക്കണമായിരുന്നു എങ്കിൽ അതു യിസ്രായേലായിരുന്നു. എങ്ങനെയായാലും, യൊരോബെയാമിന്റെ സ്വാധീനത്താലായിരുന്നു വടക്കേ രാജ്യത്തിൽ വിഗ്രഹാരാധന ആരംഭിച്ചതും, തുടർന്നു വ്യാപിച്ചതും. ഈസെബേൽ രാജ്ഞിയായപ്പോൾ, ബാലിനെയും അശേരയെയും (ബാലിന്റെ സ്ത്രീ പങ്കാളി) ആരാധിക്കുന്നതു പരിചയപ്പെടുത്തി. ബാലിനെ ആരാധിക്കുന്നതിൽ മാത്രം ഈസെബേൽ തൃപ്തയായിരുന്നില്ല, യഹോവയെ ആരാധിക്കുന്നത് ദേശത്തുനിന്നു തുടച്ചു മാറ്റുവാനുമായിരുന്നു അവൾ ശ്രമിച്ചത്.

ദേശം മുഴുവൻ അർബ്ബുദ ബാധ പടർന്നു പിടിച്ചു. അശേരാ ക്ഷേത്രങ്ങളിൽ ഈസെബേലിന്റേയും അവളുടെ കൂട്ടുകാരികളുടേയും നിന്ദ്യമായ അധാർമ്മികതയായിരുന്നു അരങ്ങേറിയിരുന്നത്. ഭൂഗർഭ ഗവേഷകന്മാർ കുഴിച്ചെടുത്തതിൽ അശേരാ (അല്ലെങ്കിൽ അസ്തോരത്) ക്ഷേത്രങ്ങളുടെ അവശിഷ്ടങ്ങളും ഉൾപ്പെട്ടിരുന്നു. ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനു തൊട്ടു മുൻപ് ഒരു സെമിത്തേരിയും ഉണ്ടായിരുന്നു. ആ സെമിത്തേരിയിൽ നിറയെ ഭരണികളും ഭരണികൾക്കുള്ളിൽ ബലി കഴിച്ച ശിശുക്കളുടെ അവയവങ്ങളുമായിരുന്നു. ശിശുക്കളെ കൊന്നിരുന്നത് ബാലിന്റേയും അശേരയുടേയും പുരോഹിതന്മാരും പ്രവാചകന്മാരുമായിരുന്നു.

ആ അർബ്ബുദം നീക്കം ചെയ്യുവാൻ ദൈവം ഏലിയാവിനെ അയച്ചു. ഒരാളുടെ വയറ്റിനുള്ളിൽ ഒരു വലിയ മുഴ വളർന്നുകൊണ്ടിരിക്കുന്നതായി പരിശോധിച്ച ഡോക്ടർ അയാളോട് പറഞ്ഞാൽ, ''ഒരു ചെറിയ ഓപ്പറേഷൻ നടത്തി ആ ചെറിയ മുഴ എടുത്തുകളയാം,'' എന്നായിരിക്കയില്ല അയാൾ പറയുന്നത്. അല്ല! ആ വലിയ മുഴയും *കൂടെ* അതിനു ചുറ്റുമുള്ള ബാധിക്കാനിടയുള്ള കോശങ്ങ*ളെല്ലാം* നീക്കം ചെയ്യണം എന്നായിരിക്കും ഡോക്ടർ പറയുക – അയാൾ അതെല്ലാം നീക്കം ചെയ്തു എന്നു ഉറപ്പു വരുത്തുകയും ചെയ്യും.

നിയമമനുസരിച്ച്, വിഗ്രഹാ-രാധകരേയും നായകന്മാരേയും കൊല്ലേണ്ട ഉത്തരവാദിത്തം രാജാക്കന്മാർക്കായിരുന്നു. ആഹാബ് രാജാവ് തന്റെ ഉത്തരവാദിത്തം നിർവ്വഹിക്കാതിരുന്നതിനാൽ, ദൈവം അതിനായി ഏലിയാവിനെ അയച്ചു.

2 രാജാക്കന്മാർ 1 ലെ സംഭവത്തിൽ മറ്റൊരു തടസം ഉന്നയിച്ചേക്കാം: ''ആ മനുഷ്യർ തങ്ങൾക്ക് ലഭിച്ച ഓർഡർ അനുസരിക്കുക മാത്രമായിരുന്നു ചെയ്തത്. അതുകൊണ്ട് വ്യക്തിപരമായി അവർക്ക് അതിൽ ഉത്തരവാദിത്ത

മില്ല.'' ആ തടസവാദത്തിൽ അൽപം ന്യായമുണ്ടെങ്കിലും, അതു അവിടെ അവസാനിക്കുന്നില്ല. അതു മനുഷ്യരിൽ പരീക്ഷണം നടത്തിയ നാസി സൈനിക ശാസ്ത്രജ്ഞന്മാരെ പോലെയായിരുന്നു. ആയിരക്കണക്കിനു യെഹൂദന്മാരെ കൊന്നൊടുക്കിയ നാസി സൈനികരുടെ പ്രതിരോധ ന്യായീകരണം മാത്രമായിരുന്നു. കീഴ്നടപ്പ് നോക്കി സംസ്ക്കാരത്തെ എടുത്ത് അടിസ്ഥാന ധാർമ്മിക നിയമങ്ങൾ ഉപയോഗിക്കുകയാണ് ലോക കോടതികൾ.

> അവർ [അഹസ്യാവ്] അയച്ചവർ ചെയ്യേണ്ടിയിരുന്നതു എന്തായിരുന്നു?. അവർ ശൗലിന്റെ കാവൽ ഭടന്മാരോട് നോബിലെ പ്രവാചകന്മാരെ കൊല്ലുവാനുള്ള കൽപന ലഭിച്ചപ്പോൾ, അതു ദൈവേഷ്ടത്തിനു വിരുദ്ധമാണെന്നു വെച്ച് അനുസരിക്കാൻ കൂട്ടാക്കാതിരുന്നതുപോലെ ചെയ്യണമായിരുന്നു!
>
> ദൈവ ദൃഷ്ടിയിൽ ദോഷമായതു ചെയ്യുവാൻ അവരുടെ ഭരണാധികാരികളിൽനിന്നും പ്രമാണിമാരിൽനിന്നും കൽപന ലഭിച്ചാൽ പോലും, ഉദ്യോഗസ്ഥരും പടയാളികളും അങ്ങനെ ചെയ്യുവാൻ പാടില്ല.[11]

ദൈവം രാജാവായ ഒരു രാജ്യമായിരുന്നു യിസ്രായേൽ എന്നോർക്കുക. യിസ്രായേലിന്റെ സർവ്വ സൈന്യത്തിന്റേയും അധിപനായിരുന്നു യഹോവ. താഴെ കിടയിലുള്ള (രാജാവിന്റെ അടക്കമുള്ള) എല്ലാവരുടേയും കൽപനകൾക്കു മുകളിലുള്ള കൽപനയായ യഹോവയുടേതായിരുന്നു പരമപ്രധാനം. ദൈവത്തിന്റെ പ്രവാചകനെ കൊണ്ടുവരുവാൻ പോയ യിസ്രായേൽ സൈന്യം അവനെ ''ജീവനോടെയാണോ, മരിച്ചിട്ടാണോ'' കൊണ്ടുവരേണ്ടതെന്നു അറിയാത്തവരായിരുന്നു. നിരപരാധികളെ കൂട്ടക്കൊല നടത്തുകയായിരുന്നില്ല ഏലിയാവ്; അവൻ നരകത്തിന്റെ സൈന്യശക്തിക്കെതിരായാണ് നിന്നത്-ദൈവശക്തിയോടെയും സമാധാനത്തോടെയുമായിരുന്നു അവൻ ജയിച്ചത്.

അവസാനം, വാക്യം 13-ൽ സുബോധമുള്ള ഒരു സൈന്യാധിപൻ രംഗത്തേക്ക് വരുന്നു. ''മൂന്നാമതും അവൻ അമ്പതുപേർക്ക് അധിപതിയായ ഒരുത്തനേയും അവന്റെ അമ്പതു ആളേയും അയച്ചു.'' ദൈവശക്തിയാൽ 102 പേരെ കൊലപ്പെടുത്തിയശേഷമാണ് ഈ അധിപൻ വരുന്നത് എന്നോർക്കുക. അവൻ ഏലിയാവിന്റെ അടുത്ത് എത്തിയപ്പോൾ, മുട്ടുകുത്തി അപേക്ഷിച്ചു:

> ''ദൈവപുരുഷനായുള്ളോവേ, എന്റെ പ്രാണനേയും, നിന്റെ ദാസന്മാരായ ഈ അമ്പതു ആളുടെ പ്രാണനേയും ആദരിക്കേണമേ. ആകാശത്തുനിന്നു തീ ഇറങ്ങി അമ്പതുപേർക്കധിപതിമാരായ മുമ്പിലത്തെ രണ്ടു പേരേയും അവരുടെ അമ്പതീത് ആളേയും ദഹിപ്പിച്ചുകളഞ്ഞുവല്ലൊ; എന്നാൽ എന്റെ പ്രാണനെ ആദരിക്കേണമേ എന്നു അപേക്ഷിച്ചു'' (വാക്യങ്ങൾ 13, 14).

''എന്റെ പ്രാണൻ ആദരിക്കേണമേ'' എന്നതിനർത്ഥം ''എന്നെ കൊല്ലരുതേ!'' എന്നാണ്.

''യഹോവയുടെ ദൂതൻ ഏലിയാവിനോട്, 'ഇവനോട്കൂടെ പോക, അവനെ ഭയപ്പെടേണ്ട' എന്നു പറഞ്ഞു. അങ്ങനെ അവൻ എഴുന്നേറ്റു അവനോടുകൂടെ രാജാവിന്റെ അടുക്കൽ ചെന്നു'' (വാക്യം 15). ഏലിയാവ് ബന്ധി

ക്കപ്പെട്ടിരുന്നോ? അവന് ചങ്ങലയിട്ടിരുന്നോ? ഞാൻ സംശയിക്കുന്നു. പുറകിൽ അമ്പത്തി-ഒന്നു പടയാളികളുടെ അകമ്പടിയോടുകൂടെ തലയുയർത്തി നടക്കുന്ന ഏലിയാവിനെയാണ് ഞാൻ കാണുന്നത്.

*ഏലിയാവ് ദൈവത്തിന്റെ വചനം ഉറപ്പിച്ചു പറഞ്ഞു:*

> അവൻ രാജാവിനോട് ''യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, 'അരുളപ്പാട് ചോദിപ്പാൻ യിസ്രായേലിൽ ദൈവം ഇല്ലാഞ്ഞിട്ടോ നീ എക്രോനിലെ ദേവനായ ബാൽസെബൂബിനോട് അരുളപ്പാട് ചോദിപ്പാൻ ദൂതന്മാരെ അയച്ചത്? ഇതു നിമിത്തം നീ കയറിയിരിക്കുന്ന കട്ടിലിൽനിന്നു ഇറങ്ങാതെ നിശ്ചയമായി മരിക്കും' '' (വാക്യം 16).

ഈ സന്ദേശം തന്നെയാണ് ദൂതന്മാരോട് ഏലിയാവ് ആദ്യം അറിയിച്ചത്. ദൈവമാണ് അത് ഏലിയാവെ അറിയിച്ചത്. സന്ദേശവാഹകർ അത് രാജാവിനോട് അറിയിച്ചു. ഇപ്പോൾ ഏലിയാവ് അതു രാജാവിനെ അറിയിച്ചു. ഇപ്പോഴും അതിനു മാറ്റമില്ല. ദൈവത്തിന്റെ വചനം മാറുകയില്ല.

ഏലിയാവ് സന്ദേശം അറിയിച്ച ഉടൻ അവൻ വാതിൽ കടന്നു നടന്നുപോയിരിക്കും. അവന്റെ പരസ്യജീവിതം കഴിഞ്ഞു. അവൻ ആഹാബിനേയും ഈസെബേലിനേയും ഇതു അവസാനമായിട്ടാണ് കാണുന്നത്. എട്ട് അദ്ധ്യായങ്ങൾക്കു ശേഷം, യേഹു ഈസെബേലിനേയും ആഹാബ് ഗൃഹം മുഴുവനേയും ഉന്മൂലനാശം വരുത്തി, എന്തു ചെയ്യുവാൻ ഏലിയാവിനെ ദൈവം അയച്ചുവോ, അവൻ അതു പൂർത്തിയാക്കി. അവന്റെ അവസാന ദൗത്യം ''ദൈവം ഒന്നു പറഞ്ഞാൽ, അതു തന്നെയാണ് അതിന്റെ അർത്ഥം,'' എന്നു ബോധ്യപ്പെടുത്തുകയായിരുന്നു.

നിങ്ങൾക്ക് ദൈവത്തിന്റെ വചനം കാര്യമായി എടുക്കാമോ? വാക്യം 17 ന്റെ അവസാന ഭാഗം ശ്രദ്ധിക്കുക: ''ഏലിയാവ് പറഞ്ഞ *യഹോവയുടെ വചനപ്രകാരം* തന്നേ അവൻ മരിച്ചു പോയി'' (എംഫസിസ് മൈൻ) ''യഹോവ പിടിക്കുന്നവൻ'' എന്നർത്ഥം വരുന്ന ''അഹസ്യാവ്'' എന്നാണ് ആഹാബ് തന്റെ മകന്നു പേരിട്ടത്; എന്നാൽ അനുസരണക്കേടിനാൽ അവൻ ''യഹോവ നശിപ്പിക്കുന്നവനായി തീർന്നു.''

വാക്യം 17 ന്റെ അവസാനം നാം ഈ ദുഃഖകരമായ കുറിപ്പ് കാണുന്നു: ''അവന്നു മകൻ ഇല്ലായ്കകൊണ്ട്, അവന്നു പകരം യെഹോശാഫാത്തിന്റെ മകനായ യെഹോരാമിന്റെ രണ്ടാം ആണ്ടിൽ യെഹോരാം രാജാവായി'' അഹസ്യാവ് മക്കളില്ലാതെ മരിച്ചതിനാൽ, അവന്റെ സഹോദരൻ രാജാവായി തീർന്നു. അതായിരുന്നു ആഹാബിന്റെ മകന്റെ പാഴായ ജീവിതത്തിന്റെ ചുരുക്കം.

## ആത്മീയ യിസ്രായേലിന്റെ തിരിച്ചറിയാവുന്ന ശിഷ്യൻ

ഈ അസന്തുഷ്ട സംഭവം ദൈവം എന്തിനാണ് രേഖപ്പെടുത്തിയത്? ദൈവം എന്തെല്ലാം പാഠങ്ങളാണ് നമുക്ക് നൽകുന്നത്? ''ആത്മീയ യിസ്രായേലിലെ തിരിച്ചറിയുന്ന ശിഷ്യനെ'' നമുക്ക് നോക്കാം. ''ആത്മീയ യിസ്രായേൽ'' എന്നു പറയുന്നത് സഭ ആണ് (ഗലാത്യർ 6:16; മുതലായവ,). ''ശിഷ്യൻ'' എന്നു പറയുന്നത് സഭയിലെ അംഗമായ, ഒരു ക്രിസ്ത്യാനിയാണ് (പ്രവൃത്തികൾ

11:26 നോക്കുക). ''തിരിച്ചറിയൽ'' എന്നതു അർത്ഥമാക്കുന്നത് അർത്ഥം മനസിലാക്കി പാഠങ്ങൾ കണ്ടെത്തി, ആ പാഠങ്ങൾ അനുസരിച്ച് ജീവിക്കുക എന്നാണ്.

ഈ സംഭവങ്ങളെല്ലാം നടക്കുമ്പോൾ, ഒരു ഭാഗത്ത് നോക്കി നിൽക്കുന്ന ഒരു സാങ്കൽപിക കഥാപാത്രത്തെ ഊഹിക്കുകയും, സംഭവിച്ചതിൽനിന്നെല്ലാം ഉൾക്കൊള്ളാവുന്ന പാഠങ്ങൾ എടുക്കുകയും ചെയ്യുക. നോക്കിക്കൊണ്ടിരുന്ന ആൾ എന്തെല്ലാം പാഠങ്ങളാണ് പഠിച്ചത്? തങ്ങൾക്ക് ഒരു പാഠം ലഭിച്ചതായാണ് യാക്കൊബിനും യോഹന്നാനും തോന്നിയത്. ഒരിക്കൽ യേശു യെരുശലേമിലേക്ക് പോകുവാൻ ഭാവിച്ചപ്പോൾ, ഒരു രാത്രി ശമര്യ പട്ടണത്തിൽ തങ്ങുവാനുള്ള ഏർപ്പാട് ചെയ്യുവാൻ സന്ദേശവാഹകരെ അയച്ചു. ഒരു രാത്രിയിലേക്കു മാത്രമുള്ള സന്ദർശനം തങ്ങളെ അവഹേളിക്കുന്നതാണെന്ന് കരുതി അവർ അതു സ്വീകരിക്കുവാൻ തയ്യാറായില്ല. യാക്കൊബും യോഹന്നാനും പറഞ്ഞു, ''കർത്താവേ, ഏലിയാവ് ചെയ്തതുപോലെ ആകാശത്തുനിന്നു തീ ഇറങ്ങി അവരെ നശിപ്പിപ്പാൻ പറയുന്നതു നിനക്കു സമ്മതമോ എന്നു ചോദിച്ചു'' (ലൂക്കൊസ് 9:54). 2 രാജാക്കന്മാർ 1 ലെ തെളിവനുസരിച്ചാണ് അവർ അത് പറഞ്ഞതു എന്ന കാര്യത്തിൽ സംശയമില്ല. ആരെങ്കിലും ''തെന്നു ചെയ്താൽ, അവരെ ഇല്ലാതാക്കണം'' എന്ന പാഠമാണ് ആ അദ്ധ്യായത്തിൽനിന്നു അവർ മനസിലാക്കിയത്.

> അവൻ [യേശു] തിരിഞ്ഞു അവരെ ശാസിച്ചു. ''നിങ്ങൾ ഏതു ആത്മാവിന്നു അധീനർ എന്നു നിങ്ങൾ അറിയുന്നില്ല. മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിപ്പാനല്ല, രക്ഷിപ്പാനത്രെ വന്നതു എന്നു പറഞ്ഞു അവർ വേറൊരു ഗ്രാമത്തിലേക്ക് പോയി'' (ലൂക്കൊസ് 9:55, 56).

ഈ സംഭവത്തിൽനിന്നു നാം എടുക്കേണ്ട പാഠം *അതല്ല*.

ഈ സംഭവത്തിൽനിന്നു *പല* പാഠങ്ങളും നമുക്ക് എടുക്കുവാൻ കഴിയും: അവനിൽ ആശ്രയിക്കുന്നവനെ അവൻ സംരക്ഷിക്കും; കർത്താവിനെ സേവിക്കുന്നവർക്കാണ് അന്തിമ വിജയം; മുതലായവ. നമുക്ക് മൂന്നു പാഠങ്ങളിന്മേൽ ശ്രദ്ധ ചെലുത്താം:

*ദൈവ വചനം കേൾക്കുവാൻ പ്രായം ഒരിക്കലും തടസമല്ല എന്നു തിരിച്ചറിവുള്ള ശിഷ്യൻ പഠിക്കും.* തന്നെ നയിക്കേണ്ട ദൈവവചനത്തിനായി, ഏലിയാവ് സാധാരണപോലെ, എപ്പോഴും ഒരുങ്ങിയിരുന്നു. നാമും ദൈവവചനം കേൾക്കുവാനും, ധ്യാനിക്കുവാനും, അനുസരിക്കുവാനും ഒരുങ്ങിയിരിക്കണം.

ഏലിയാവിൽനിന്നു വ്യത്യസ്തമായി, അഹസ്യാവിനു യഹോവയുടെ വചനം കേൾക്കുവാൻ അവൻ താൽപര്യപ്പെട്ടിരു*ന്നില്ല*. മറിച്ച്, അവൻ എക്രോനിലെ ദേവന്റെ വാക്കുകൾ കേൾക്കുവാനാണ് ഇഷ്ടപ്പെട്ടത്. നിർഭാഗ്യവശാൽ, ചിലർ ഇന്നും അങ്ങനെ ദൈവവചനത്തിനപ്പുറമായതു കേൾപ്പാൻ താൽപര്യപ്പെടുന്നുണ്ട്.

എക്രോനിലെ അന്ധവിശ്വാസത്തിനായി ചിലർ പോകും. ഭാവി പറയുന്ന ആളുകളായി ബാൽസെബൂബിലെ പുരോഹിതന്മാർ മാറിയിരുന്നു. ദൈവം പറയുന്നതു, നിങ്ങളുടെ ഭാവി ബൈബിളിൽ വെളിപ്പെടുത്തിയിരിക്കുകയാണ്, എന്നാൽ ചിലർക്ക് അതിനപ്പുറമായ ചിലതാണ് വേണ്ടത്. നൂറു കണക്കിന് ഭാവി പറയുന്ന മാർഗങ്ങൾ ഇന്നു നിലവിലുണ്ട് – കൈരേഖ ശാസ്ത്രം, തത്ത

യെക്കൊണ്ട് കാർഡ് എടുപ്പിക്കൽ, നക്ഷത്രശാസ്ത്രം, ക്വിജാ ബോർഡ്, സ്പിരിച്വലിസം, സാന്ദിനസം തുടങ്ങി, അനവധിയാണ്. അമേരിക്കയിൽ മാത്രം 10, 000 മുഴുവൻ സമയ നക്ഷത്രശാസ്ത്രം പറയുന്നവരും, 175,000 താൽക്കാലിക നക്ഷത്ര ശാസ്ത്രം പറയുന്നവരുമായി ഉണ്ട്. മിക്ക വർത്തമാന പത്രങ്ങളിലും ഓരോ ദിവസത്തെ വാരഫലം പ്രസിദ്ധീകരിക്കും, ഭൂരിഭാഗം വായനക്കാർക്കും അവരുടെ ''നക്ഷത്രങ്ങൾ'' അറിയാം. മിക്കവാറും അതെല്ലാം ''തമാശാ'' രുപത്തിലാണ് കൊടുക്കുന്നത്-ഉപദ്രവരഹിതവും ഗുപ്തവുമായ ഒരു ശൃംഗാരം എന്ന നിലയിലാണ് ചെയ്യുന്നത്. (കുത്തക പിടിച്ചു പന്ദിയ ഏന്ദവും അധികം വിന്ദഴിക്കുന്ന ഒന്നായി ക്വിജാ ബോർഡ് അമേരിക്കയിൽ മാറിയിരിക്കുന്നു എന്ന വാർത്ത വന്നിട്ട് അധിമായില്ല.)

ഗുപ്തമായവ നാം അറിയുവാനായി നടത്തുന്ന അത്തരം ശ്രമം നാം തീകൊണ്ട് കളിക്കുന്നതുപോലെയാണ്. അവയിലൊന്നിലും അമാനുഷശക്തി ഒന്നുമില്ല. അതിൽനിന്നുത്ഭവിക്കുന്ന ഫലം എന്തായാലും അതിനെ മനശാസ്ത്രപരമെന്നും, യാദൃശ്ചികമെന്നും വിവക്ഷിക്കാവുന്നതാണ്; എന്നാൽ അവയെ നാം പരീക്ഷിക്കുവാൻ പോകുമ്പോൾ, നാം സാത്താനു വാതിൽ തുറന്നുകൊടുക്കുകയാണ്. എക്രോനിലെ ബാൽസെബൂബിനോട് അരുളപ്പാട് ചോദിക്കുന്നത് ഉപദ്രവരഹിതമായ മോടി പിടിപ്പിക്കലല്ല. ബാൽസെബൂബിനോട് ഭാവി അരുളപ്പാട് ചോദിക്കുന്നത് ഭൂതലോകവുമായി ബന്ധപ്പെട്ടതാണ്. പഴയനിയമത്തിലും പുതിയനിയമത്തിലും അത്തരം പ്രവൃത്തികളെ ഖണ്ഡിച്ചിരിക്കയാണ് (ലേവ്യാപുസ്തകം 19; ആവർതത്തനപുസ്തകം 18; പ്രവൃത്തികൾ 19 നോക്കുക). ''ആത്മിയ യിസ്രായേലിൽ ഒരു ദൈവമില്ലാഞ്ഞിട്ടാണോ ... നിങ്ങൾ നക്ഷത്രം നോക്കുവാനും, ... അല്ലെങ്കിൽ ഏതെങ്കിലും കാർഡുകളോ ... അല്ലെങ്കിൽ ക്വിജാ ബോർഡുകളോ നോക്കുവാൻ പോകുന്നത്?'' എന്ന് ദൈവം ഇന്നു ചോദിക്കുന്നുണ്ടോ?

മാനുഷിക വിവേചനത്തിന് ചിലർ എക്രോനിൽ പോകും. ശാസ്ത്രത്തിൽ എല്ലാ ഉത്തരവുമുണ്ടെന്നാണ് അവർ വിചാരിക്കുന്നത്. ലൗകിക വിദ്യാഭ്യാസം കുട്ടികളുടെ ഭാവി ശോഭനമാക്കും എന്നാണ് ചിലർ വിശ്വസിക്കുന്നത്. ഒരു ഉപകരണം പോലെ മാനുഷിക വിവേചനത്തിനു വിലയുണ്ട്, അതു ശരിയായ സ്ഥാനത്ത് വെച്ചാൽ മാത്രം. എങ്ങനെയായാലും, നമ്മുടെ യജമാനനു അതു ക്രൂരവും, വഞ്ചനയും, ആദരിക്കാതിരിക്കുന്നതുമാണ്. ''ആത്മിയ യിസ്രായേലിൽ ദൈവമില്ലാഞ്ഞിട്ടാണോ നിങ്ങൾ നിങ്ങളുടെ പ്രശ്നങ്ങൾക്ക് ഉത്തരത്തിനായി മനുഷ്യരിലേക്ക് പോകുന്നതു?''

മന്ദുള്ളവർ എന്തു ചെയ്താലും, *നമുക്ക്* ദൈവത്തിന്റെ വചനം കേട്ടു പഠിക്കാം.

> പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; *സ്വന്ത*വിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും *അവനെ* നിനച്ചുകൊൾക, അവൻ നിന്റെ പാതകളെ നേരെയാക്കും (സദൃശവാക്യങ്ങൾ 3:5, 6; എംഫസിസ് മൈൻ).

*ദൈവ വചനത്തിനു വിരുദ്ധമായതിനെ വെറുക്കുവാൻ തിരിച്ചറിവുള്ള ഒരു ശിഷ്യന് ഒരിക്കലും പ്രായം ഒരു പ്രശ്നമല്ല.* ഏലിയാവിന്റെ ജീവിതത്തിലേക്ക് നാം നോക്കുമ്പോൾ, പ്രത്യേകിച്ച്, തിന്മയെ ദൈവം ശിക്ഷിക്കുന്നത്

നോക്കിയാൽ, അത് പഴയനിയമത്തിലും പുതിയ നിയമത്തിലും പ്രാബല്യത്തിലിരിക്കുന്ന നിയമത്തിൽ നിത്യ വിലയുള്ളതാണ്.

പഴയനിയമ കാലത്ത്, ദൈവം ഒരു പ്രത്യേക ദേശവുമായി ഇടപെട്ടിരുന്നപ്പോൾ (യിസ്രായേൽ), ആളുകളുടെ നിലനിൽപും വിശുദ്ധിയുമായിരുന്നു പരമപ്രധാനം, അതിനു താൽക്കാലിക ശിക്ഷ കൊടുത്തിരുന്നു – ഉദാഹരണത്തിനും ആകാശത്തു നിന്നു തീ – അതിന്റെ ഒരു ഭാഗമായിരുന്നു. എങ്ങനെയായാലും, അത് യേശുവിന്റെ സാഹചര്യത്തിൽ, യാക്കോബും യോഹന്നാനും ചൂണ്ടി കാണിച്ചപ്പോൾ, ശാസനയായിരുന്നു ലഭിച്ചത്. പൗലൊസ് എഴുതി, ''പ്രിയമുള്ളവരേ, നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ, ദൈവകോപത്തിന്നു ഇടം കൊടുപ്പിൻ; 'പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം' ചെയ്യും എന്നു കർത്താവ് അരുളിച്ചെയ്യുന്നു'' (റോമർ 12:19). വിശ്വാസത്തിൽനിന്നകന്നു പോയ സഭ എപ്പോഴും ഭിന്നിപ്പ് അകനുവാനായി വാളും, താൽക്കാലിക ശിക്ഷയും, ഭീഷണിയും ഉപയോഗിച്ചു. മനുഷ്യർ സ്വന്ത കയ്യാൽ പ്രതികാരം ചെയ്യുന്നത് തെറ്റാണ്.

അതിനർത്ഥം ഏലിയാവ് വിശ്വസിച്ചിരുന്നതുപോലെ ശക്തമായി വിശ്വസിക്കരുത് എന്നോ, നാം ദൈവത്തിന്റെ വചനത്തെ സ്നേഹിക്കരുത് എന്നോ, ദൈവം-അംഗീകരിക്കുന്ന രീതിയിൽ ദുഷിച്ച വഴി വെറുക്കരുത് എന്നോ ആണോ? അല്ല. യേശുവിനെ പോലെ നാം നീതിയെ സ്നേഹിക്കയും അതിക്രമത്തെ വെറുക്കയും വേണം (എബ്രായർ 1:9). പാപികളെ സ്നേഹിക്കുവാനും, ആളുകളെ സഹായിക്കുവാനും ആണ് നാം ശ്രമിക്കേണ്ടത്, അതേ സമയം തെറ്റിനോട് ഒരു വിട്ടുവീഴ്ച്ചയും ചെയ്യാതിരിപ്പാനും നാം ശീലിക്കണം.

*ദൈവേഷ്ടം ചെയ്യുവാൻ പ്രായം ഒരു തടസമല്ല എന്നു തിരിച്ചറിയാവുന്ന ഒരു ശിഷ്യൻ പഠിക്കും.* ''പഴയ'' ഏലിയാവിന്റെ ജീവിതത്തിൽ ചില ചെറിയ രംഗങ്ങളുണ്ട്, എന്നാൽ, ഏലിയാവ് അപ്പോഴും ദൈവസേവനത്തിനായി ഒരുങ്ങിയിരുന്നു, അപ്പോഴും ഒഴിവ്കഴിവ് കൂടാതെ ദൈവേഷ്ടം ചെയ്യുവാൻ അവൻ ഒരുക്കമായിരുന്നു. വർഷങ്ങൾ കടന്നുപോയിരുന്നു, തന്റെ ആയുഷ്ക്കാലം അവസാനിക്കാറായിരുന്നിട്ടു പോലും അതു വാസ്തവമായിരുന്നു.

നമ്മുടെ കാലയളവിലെ ഒരു പ്രതിഭാസമാണ് ''സഭക്ക് നര കയറിയിരിക്കുന്നു'' എന്നത്. ആളുകൾ ആരോഗ്യമുള്ളവരും ദീർഘായുസുള്ളവരുമാണ്. അവർ ജോലിയിൽനിന്നു വിരമിച്ചാലും നല്ല വർഷങ്ങൾ അവർക്ക് പിന്നെയുമുണ്ട്. ചിലർ അവരെ വിളിക്കുന്നത് ''ക്ഷീണിക്കാത്ത വിരമിച്ചവർ'' എന്നാണ് വിളിക്കുന്നത്. സാമൂഹ്യ പ്രവർത്തകർ ഉപയോഗിക്കുന്ന വാക്ക് ''ഓപൽസ്'' എന്നാണ്; സജീവ ജീവശൈലിയുള്ള പ്രായമായവർ എന്നർത്ഥം. നല്ല മനസുള്ള, ഊർജ്ജവും, കഴിവും, പക്വതയുമുള്ള ഈ കൂട്ടരുടെ സേവനം കർത്താവിനായി തിരിച്ചുവിട്ടാൽ എന്തായിരിക്കും സ്ഥിതി! ദൈവത്തെ സേവിക്കൽ യുവാക്കളുടെ മാത്രം ജോലിയല്ല; അതു നമുക്ക് എല്ലാവർക്കുമുള്ളതാണ്.

ബൈബിളിലെ വലിയ നായകന്മാരിൽ ചിലർ പ്രായം ചെന്നവരായിരുന്നു, ഉദാഹരണത്തിന് നമ്മുടെ ഈ സംഭവത്തിലെ ഏലിയാവ്. ഏലിയാവിൽ സങ്കീർത്തനങ്ങൾ 71:17, 18 ലെ മനോഭാവമായിരുന്നു ഉണ്ടായിരുന്നത്:

> ദൈവമേ എന്റെ ബാല്യം മുതൽ നീ എന്നെ ഉപദേശിച്ചിരിക്കുന്നു ....
> ദൈവമേ അടുത്ത തലമുറയോട് ഞാൻ നിന്റെ ഭുജത്തെയും വരുവാനു

> ള്ള എല്ലാവരേയും നിന്റെ വീര്യപ്രവൃത്തികളെയും അറിയിക്കുവോളം, വാർദ്ധക്യവും നരയും ഉള്ള കാലത്തും എന്നെ ഉപേക്ഷിക്കരുതേ.

പ്രായമായ മറ്റൊരു ദൈവപുരുഷനായിരുന്നു മോശെ. യിസ്രായേൽ ജനത്തെ മിസ്രയിം അടിമത്വത്തിൽ നിന്നു വിടുവിച്ചുകൊണ്ടുവന്നപ്പോൾ അവനു 80 വയസായിരുന്നു – ആ യാത്ര പൂർത്തിയായപ്പോൾ അവനു 120 വയസായിരുന്നു. സിംഹങ്ങളുടെ ഗുഹയിലേക്ക് എറിയപ്പെട്ടപ്പോൾ, ദാനിയേൽ യുവാവായിരുന്നു എന്നാണ് പറഞ്ഞിരുന്നത്, എന്നാൽ അവന്റെ ജീവിത കാലത്തെ നിർണ്ണയിക്കുക! അവനെ ഗുഹയിലേക്ക് എറിഞ്ഞപ്പോൾ അവൻ പ്രായമുള്ളവനായിരുന്നു. സിംഹങ്ങൾ അവനെ ഭക്ഷിക്കാതിരിപ്പാൻ കാരണം, അവൻ വളരെ കാലമായി ദൈവത്തിനുവേണ്ടി നിലനിന്നതുകൊണ്ട് അവൻ മാംസമില്ലാത്ത അസ്ഥികൂടമായി മാറിയിരുന്നതുകൊണ്ടാണ് എന്നു തമാശയായി ചിലർ പറയുന്നു.

പ്രായമായവർ തങ്ങളുടെ ജീവിതം കർത്താവിന്റെ വേലക്കായി സമർപ്പിക്കപ്പെട്ടതിനാൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. അവർ നമുക്ക് എന്തൊരു ആഹ്ലാദകരമായ മാതൃകയാണ്![12] നമ്മുടെ പ്രായം എത്രയായാലും, നമുക്കെല്ലാം കർത്തൃവേലയിൽ മുതിർന്നു വരാം.

**ഉപസംഹാരം**

നാം പഴയനിയമത്തിൽനിന്നു പഠിച്ചതുകൊണ്ടാണ്, നമ്മുടെ സംഭവത്തിൽ തീ കാണുന്നത്, ഇന്ന് അത്തരം കാര്യങ്ങളില്ല. സഭയ്ക്കുള്ള മുഖ്യപങ്കാണ് താൽക്കാലിക ശിക്ഷ, എന്നാൽ വഞ്ചിക്കപ്പെടരുത്. ദൈവപദ്ധതിയുടെ ഭാഗമായി ഇന്നും തീയുണ്ട്, അവസാനം കർത്താവ് ന്യായവിധിയുമായി വരുമ്പോൾ, അത് അഭക്തരുടെ മേൽ വീഴും!

> ... ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ, നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്ക് ഞങ്ങളോടുകൂടെ ആശ്വാസവും പകരം നൽകുന്നത് ദൈവസന്നിധിയിൽ നീതിയല്ലോ. ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിന്നും, ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയവിഷയം ആകേണ്ടതിന്നും വരുമ്പോൾ, സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസലൊനിക്യർ 1:7-9).

നമുക്ക് ചുരുങ്ങിയത്, മൂന്നാമത്തെ സംഘത്തിന്റെ അധിപതിയെ പോലെ ബുദ്ധിയോടെ പ്രവർത്തിക്കാം. കത്തിക്കരിഞ്ഞ 102 മൃതശരീരങ്ങൾ കടന്നു പ്രവാചകന്റെ അടുത്തേക്ക് പോയപ്പോൾ, അവന്റെ മനസിലുണ്ടായിരുന്ന ചിന്ത, തന്റെ പ്രാണന്റെ നിലനിൽപ് ദൈവപുരുഷന്റെ കരുണയിൽ മാത്രം നിക്ഷിപ്തമാണെന്നതായിരുന്നു.

യേശു വന്നതു നശിപ്പിക്കുവാനായിരുന്നില്ല, രക്ഷിപ്പാനായിരുന്നു. നാം രക്ഷിക്കപ്പെടേണ്ടതിന്നു അവൻ നിങ്ങൾക്കും എനിക്കും വേണ്ടി മരിച്ചു. എങ്ങ

നെയായാലും, അവൻ ഇതും പറഞ്ഞു, '' അല്ലല്ലാ, *മാനസാന്തരപ്പെടാഞ്ഞാൽ* നിങ്ങൾ എല്ലാവരും അങ്ങനെതന്നെ നശിച്ചുപോകും'' (ലൂക്കൊസ് 13:3; എംഫസിസ് മൈൻ). നിങ്ങൾ നിങ്ങളുടെ ജീവിതത്തെ ക്രൂശിൽ ഭരമേൽപിച്ച്, ''കർത്താവേ, ഞാൻ മാനസാന്തരപ്പെടുന്നു, എന്റെ വഴി ഞാൻ മാറും. എനിക്ക് നിന്റെ വഴിയിൽ സഞ്ചരിക്കണം. ദയവായി എന്റെ ജീവിതം നിന്റെ കണ്ണിൽ വിലയുള്ളതാക്കുകയില്ലേ''?

കുറിപ്പുകൾ

[1]ഇത് യഹൂദ കാലനിർണ്ണയപ്രകാരമാണ് മൊത്തത്തിൽ, ഒരു ഭാഗം എടുത്തിരിക്കുന്നു. നമ്മുടെ കണക്കനുസരിച്ച് അവൻ വാണത് ഒരു വർഷത്തിൽ അൽപം അധികം മാത്രമാണ്. [2]1 ഉം 2 ഉം രാജാക്കന്മാരുടെ പുസ്തകങ്ങൾ ആദ്യം ഒരു പുസ്തകമായിരുന്നു എന്നോർക്കുക. പുസ്തകം രണ്ടു ചുരുളുകളാക്കുന്നതാണ് ഉചിതമെന്നു കരുതി സെപ്ത്വജിന്റ് എഴുത്തുകാരാണ് രണ്ടു പുസ്തകമാക്കിയത്. എവിടെ ഭാഗിക്കണം എന്ന് അധികം ചിന്തിക്കാതെയാണ് അവരിത് ചെയ്തത്. [3]ദാവീദിന്റെ കാലം മുതൽ അത് അധികവും അങ്ങനെയായിരുന്നു (2 ശമുവേൽ 8:2). [4]ഈ മൽസരത്തിന്റെ വിശദവിവരം രണ്ട് രാജാക്കന്മാർ 3:4–27 നൽകുന്നു. [5]അത്തരം അവകാശമുന്നയിക്കുന്നവർ അജ്ഞതയെയാണ് കാണിക്കുന്നത്. [6]വില്യം ജി. ഗോൾഡിങ്ങ് ആണ് അത് എഴുതിയത്. [7]അതിന്റെ വലിപ്പം സൂചിപ്പിക്കുന്നത് നിങ്ങളുടെ വിരലുകളെയാണ്. [8]അത് അവന്റെ ഒരു വ്യക്തിയെയോ, വസ്ത്രത്തെയോ സൂചിപ്പിക്കുന്നു സെഖര്യാവ് 13:4; മത്തായി 3:4 നോക്കുക. [9]അവൻ ഏലിയാവിനെ ''ദൈവപുരുഷൻ'' എന്നു വിളിച്ചതു ആത്മാർത്ഥതയോടെയാണോ? (പ്രവാചകനെ വിളിച്ചിരുന്ന രീതി) അതോ പരിഹസിക്കുകയായിരുന്നോ? രണ്ടാമത്തേതിനാണ് സാധ്യത. [10]അതു സാധാരണ ഇടിമിന്നലായിരുന്നില്ല. ഇടിമിന്നലേറ്റു ആളുകൾ മരിക്കുന്നുണ്ട്. പക്ഷെ സാധാരണ അതു ''ദഹിപ്പിക്കാറില്ല.''

[11]*ജോസഫെസ്, ദ ലൈഫ് ആന്റ് വർക്സ് ഓഫ് ഫ്ളാവിയസ്*, ട്രാൻസ്, വില്യം വിസ്റ്റൺ (ഫിലദെൽഫിയ: ജോൺ സി. വിൻസ്റ്റൺ കമ്പനി., 1957), 277, എൻ. [12]നിങ്ങൾക്ക് വേണമെങ്കിൽ പ്രത്യേക ഉദാഹരണങ്ങൾ നൽകാം.

## പാഠത്തിന്റെ ബാഹ്യരൂപരേഖ

മുഖവുര

- ഏ. ഏലിയാവിന്റെ ജീവിതത്തിലെ ചെറിയ ഒരു സംഭവമാണ് രണ്ട് രാജാക്കന്മാർ 1 നൽകുന്നത്.
    1. അദ്ധ്യായം 1 നാം വിട്ടുകളഞ്ഞാൽ നമ്മുടെ പരമ്പര അപൂർണ്ണമാകും.
    2. ഇവിടെയുള്ള ചില പാഠങ്ങൾ ഏലിയാവിനെ കുറിച്ചു പറയുന്ന മറ്റു വേദഭാഗങ്ങളിൽ കാണുന്നില്ല.
    3. നിസാരമെന്നു തോന്നിക്കുന്നവ കൂടെ നമുക്ക് എടുക്കേണ്ടതുണ്ട്.
- ബി. നാം മൂന്നു വ്യക്തികളെ നോക്കും. രണ്ടുപേർ നമ്മുടെ വേദഭാഗത്ത് ഉണ്ട്. മൂന്നാമത്തെ ആൾ നമ്മുടെ സദസിലുണ്ട്.

I. മൽസര സ്വഭാവമുള്ള വടക്കേ രാജ്യത്തെ ഭരണാധികാരി (1:1–9)
  ഏ. ആ മൽസരസ്വഭാവമുള്ളവൻ ആഹാബ് ആയിരുന്നില്ല, അവന്റെ മകൻ അഹസ്യാവ് ആയിരുന്നു (1 രാജാക്കന്മാർ 22:37, 38, 40) അഹസ്യാവിനെ കുറിച്ച് മൂന്നു കാര്യങ്ങൾ ശ്രദ്ധിക്കുക:
    1. അവൻ ഭൂതകാലത്തെ അവഗണിച്ചു (1 രാജാക്കന്മാർ 22:51–2 രാജാക്കന്മാർ 1:1).
      ഏ. അഹസ്യാവ്, ഏലിയാവിന്റെ സംഭവങ്ങളിൽനിന്നും ഭൂതകാലത്തിൽനിന്നും പലതും പഠിക്കേണ്ടതായിരുന്നു, പക്ഷെ അവൻ ഒന്നും പഠിച്ചില്ല (1 രാജാക്കന്മാർ 22:51–53).
      ബി. അവൻ ഭരിക്കുവാൻ തുടങ്ങിയപ്പോൾ, പ്രശ്നങ്ങൾ ഉയർന്നു (2 രാജാക്കന്മാർ 1:1). അഹസ്യാവിന്റെ ചുരുങ്ങിയ കാല വാഴ്ച്ചയിലെ ഒരു സംഭവം മാത്രമാണ് മുഖ്യമായി ദൈവ ശ്വാസിയ എഴുത്തുകാരൻ ശ്രദ്ധിച്ചത്.
    2. അവൻ മഹാ വൈദ്യനെ പരിഹസിച്ചു (2 രാജാക്കന്മാർ 1:2–4).
      ഏ. അഹസ്യാവ് ജനൽ വഴി വീഴുകയും മാരകമായി മുറിവേൽക്കുകയും ചെയ്തു (വാക്യം 2). ഒരുപക്ഷെ അത് അവനെ യഹോവയിലേക്ക് തിരിച്ചുകൊണ്ടുവരാമായിരുന്നു (സങ്കീർത്തനങ്ങൾ 119:71), പകരം അവൻ മഹാവൈദ്യനെ പരിഹസിച്ചു, തന്റെ ദീനം സുഖപ്പെടുമോ എന്നറിയുവാൻ എക്രോനിലെ ദേവന്റെ അരുളപ്പാട് ചോദിപ്പാൻ ദൂതന്മാരെ അയച്ചു (വാക്യം 2).
        (1) ''ബാൽ-സെബൂബ്'' എന്നതിനർത്ഥം ''ഈച്ചകളുടെ യജമാനൻ'' എന്നാണ് - ചൊറിച്ചിലുണ്ടാക്കുവാൻ കഴി വുള്ള, അല്ലെങ്കിൽ ചൊറിച്ചിൽ നിർത്തുവാൻ കഴിവുള്ള എന്നർത്ഥം.
        (2) ബാൽ-സെബൂബ് സൗഖ്യവുമായി ബന്ധപ്പെട്ടിരുന്നു (മത്തായി 12:22–28 നോക്കുക).
      ബി. അഹസ്യാവ് സുഖപ്പെടുകയില്ല എന്ന സന്ദേശം അറിയി ക്കുവാൻ ദൈവം ഏലിയാവിനെ ദൂതന്മാരുടെ അടുക്കൽ അയച്ചു (വാക്യങ്ങൾ 3, 4; അഹസ്യാവ് മാനസാന്തരപ്പെട്ടു അവങ്കലേക്ക് തിരിയാത്തതിനാൽ എന്ന സൂചനയാണ്).
    3. അവൻ പ്രവാചകനെ ഭീഷണിപ്പെടുത്തി (2 രാജാക്കന്മാർ 1:5–9).
      ഏ. ദൂതന്മാർ സംഭവിച്ചത് രാജാവിനെ അറിയിച്ചപ്പോൾ, അത് ഏലിയാവായിരുന്നു എന്ന് അവന് ഉടനെ മനസിലായി (വാക്യങ്ങൾ. 5–8).
      ബി. ഏലിയാവിനെ കൊണ്ടുവരുവാൻ അവൻ അമ്പതുപേർക്ക് അധിപതിയായവനെ അയച്ചു (വാക്യം 9).

ബി. അഹസ്യാവിന് മാനസാന്തരപ്പെടുവാൻ ദൈവം-നൽകിയ അവസരമായിരുന്നു അത്. മരണവാർത്ത ഒരാളെ മാനസാന്തരപ്പെടുവാൻ ചിന്തിപ്പിച്ചില്ലെങ്കിൽ, മറ്റൊന്നിനും കഴിയുകയില്ല. പകരം, ഏലിയാ വിനു കോപമാണ് ഉണ്ടായത്.

II. വടക്കെ യിസ്രായേലിലെ ശക്തനായ പ്രവാചകൻ (1:9–17). ഏലിയാവിനു പ്രായമായി, എന്നാൽ അവൻ ഇപ്പോഴും യിസ്രായേലിലെ ദൈവപുരുഷൻ ആയിരുന്നു. അവനെ കുറിച്ച് മൂന്നു കാര്യങ്ങൾ ശ്രദ്ധിക്കുക:

ഏ. അവൻ ദൈവേഷ്ടം അറിയിച്ചു (വാക്യങ്ങൾ 3, 4).

ബി. അവൻ ദൈവവേല ചെയ്തു (വാക്യങ്ങൾ 9–15).

1. ആദ്യത്തെ അമ്പത്തി-ഒന്നുപേരെ തീ ദഹിപ്പിച്ചുകളഞ്ഞു (വാക്യങ്ങൾ 9, 10).
2. അഹസ്യാവ് വീണ്ടും അമ്പത്തി-ഒന്നു പേരെ അയച്ചു, അവരെയും തീ ദഹിപ്പിച്ചുകളഞ്ഞു (വാക്യങ്ങൾ 11, 12). ഈ പ്രാവശ്യം അത് ''*ദൈവ*ത്തിന്റെ തീ'' ആയി ഊന്നി പറഞ്ഞിരിക്കുന്നു. ഏലിയാവ് ദൈവത്തിന്റെ വേലയാണ് ചെയ്തത്.
3. അവസാനം, ഒരു അധിപതി ബോധമുള്ളവനായതിനാൽ രക്ഷപ്പെട്ടു (വാക്യങ്ങൾ. 13, 14). ഏലിയാവ് അവനോടുകൂടെ രാജാവിന്റെ അടുക്കലേക്ക് പോയി (വാക്യം 15).

സി. അവൻ ദൈവത്തിന്റെ വചനം ഉറപ്പിച്ചു (വാക്യങ്ങൾ.16, 17).

1. ഏലിയാവിന്റെ സന്ദേശം അപ്പോഴും ഒന്നു തന്നെയായിരുന്നു (വാക്യം 16). ദൈവവചനം മാറുന്നില്ല. ദൈവം അവനോട് പറഞ്ഞ തെല്ലാം ഏലിയാവ് അങ്ങനെ തന്നെ ചെയ്തു; അവന്റെ പരസ്യ ശുശ്രൂഷ അവസാനിച്ചു.
2. ദൈവം പറഞ്ഞതുപോലെ തന്നെ അഹസ്യാവ് മരിച്ചു (വാക്യം 17). ദൈവ വചനം തീർച്ചയുള്ളതാണ്.

III. ആത്മിയ യിസ്രായേലിലെ തിരിച്ചറിവുള്ള ശിഷ്യൻ

ഏ. ഈ ചെറിയ ദുഃഖ സംഭവത്തിൽ നമുക്കുള്ള പാഠം ദൈവം ഉൾപ്പെടുത്തിയിരിക്കുന്നു (റോമർ 15:4; 1 കൊരിന്ത്യർ 10:11). നമ്മെ എതിർക്കുന്ന ആരിലും തീ ഇറക്കി നശിപ്പിക്കണമെന്നല്ല (ലൂക്കൊസ് 9:54–56). ഈ പ്രസ്താവനയിൽനിന്നു തിരിച്ചറിവുള്ള ഒരു ശിഷ്യൻ ചുരുങ്ങിയത് മൂന്നു പാഠങ്ങൾ പഠിക്കും.

1. ദൈവ വചനം കേൾക്കുവാൻ പ്രായം ഒരു തടസമല്ല.
   - ഏ. ഏലിയാവിന് പ്രായമായിട്ടും, അവൻ ''യഹോവയുടെ വചനത്തിനായി'' കാത്തിരുന്നു.
   - ബി. അഹസ്യാവ് യഹോവയുടെ വചന*മല്ല*, എക്രോനിലെ ദേവന്റെ അരുളപ്പാടാണ് ആഗ്രഹിച്ചത്.
     - (1) ദൈവത്തിന്റെ വചനത്തിലേക്ക് പോകുന്നതിനു പകരം ഇന്ന് എക്രോനിലെ അന്ധവിശ്വാസത്തിലേക്കാണ് പോകുന്നത്: നക്ഷത്ര ശാസ്ത്രം,

കാർഡ് നോട്ടം, ക്വിജാ ബോർഡ് പരിശോധിക്കൽ മുതലായവ. അവയെല്ലാം ''തമാശക്കായി'' ചെയ്യുന്നതാണെങ്കിലും, പിശാചിനു വാതിൽ തുറന്നു കൊടുക്കുന്നു അത്തരം പ്രവൃത്തികളെ പഴയനിയമത്തിലും പുതിയ നിയമത്തിലും ഖണ്ഡിച്ചിരിക്കുന്നു (ലേവ്യാപുസ്തകം 19; ആവർത്തനപുസ്തകം 18; പ്രവൃത്തികൾ 19).

(2) മനുഷ്യമനസിലാക്കലിനു മന്നുള്ളവരും എക്രോനിലേക്ക് പോകും: അവർ വിചാരിക്കുന്നത് ശാസ്ത്രത്തിലും ലൗകിക വിദ്യാഭ്യാസത്തിലുംഎല്ലാ ഉത്തരങ്ങളുമുണ്ടെന്നാണ് (സദൃശവാക്യങ്ങൾ 3:5, 6).

2. ദൈവത്തിനെതിരായതിനെ വെറുക്കുവാൻ പ്രായം പ്രശ്നമല്ല.

ഏ. ദൈവം തിന്മയെ ശിക്ഷിക്കുന്നതു കാണുമ്പോൾ, താൽക്കാലികവും (പഴയനിയമത്തിൻ കീഴിൽ) നിത്യവുമായവ തീരിച്ച റിയുവാൻ നമുക്ക് കഴിയും.

(1) പിന്നെ ദൈവം മശിഹ വരുവാനുള്ള ഒരു ദേശത്തിലെ ആളുകളെ സംരക്ഷിക്കുകയായിരുന്നു. അവരെ സംരക്ഷി ക്കുവാൻ ഭൗതിക ശിക്ഷ ആവശ്യമായിരുന്നു.

(2) ഇത് അങ്ങനെയല്ല.

ബി. അതിനർത്ഥം നാം ഏലിയാവിനെ പോലെ തിന്മയെ ശക്തമായി എതിർക്കരുത് എന്നല്ല. നാം ഇപ്പോഴും തിന്മയെ വെറുക്കുക യും നന്മയെ പ്രിയപ്പെടുകയും വേണം (എബ്രായർ 1:9; മുതലായവ)!

3. ദൈവേഷ്ടം ഉടനെ അനുസരിക്കുവാൻ ഒരാൾക്ക് പ്രായം പ്രശ്ന മല്ല.

ഉപസംഹാരം

ഏ. അനുസരിക്കാതിരിക്കുന്നവരിൽ ഇപ്പോഴും തീ വീഴും - ഈ ജീവിതത്തിലായിരിക്കയില്ല. യേശു മടങ്ങി വരുമ്പോഴാണ് (2 തെസലൊനിക്യർ 1:7-9).

ബി. നമ്മുടെ സംഭവത്തിലെ മൂന്നാമത്തെ അധിപന്റെ ബുദ്ധി നമുക്കു ഉണ്ടാകട്ടെ; ദൈവകരുണക്കായി നമ്മെ ദൈവകരങ്ങളിൽ ഏൽപ്പിക്കാം! ഏലിയാവിനോട് കരുണ കാണിച്ച ദൈവം നമ്മോടും കരുണ കാണിക്കും.